**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3516 — 22.08.2017 ൽ മറുപടിക്ക്

ഒറ്റപ്പാലം താലൂക്കാശുപത്രി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് വിവിധ വിഭാഗം ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനും വികസിപ്പിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി നടപ്പിൽ വരുത്തിയ ആർദ്രം പദ്ധതിയുടെ മാനദണ്ഡപ്രകാരം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന ക്രമത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇവിടെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 101/2017/ ആ.കു.വ തീയ്യതി 28.06.2017 പ്രകാരം അധികമായി ഒരു സ്റ്റാഫ് നേഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ